# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4004 — 25.06.2018-ൽ മറുപടിക്ക്

## ആദിവാസി കുട്ടികൾക്കിടയിലെ പോഷകാഹാരക്കുറവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ആദിവാസി വിഭാഗങ്ങൾക്കിടയിലെ കുട്ടികൾക്ക് പോഷകാഹാരക്കുറവുണ്ടെന്ന് ലോകാരോഗ്യ സംഘടന കണ്ടെത്തിയിട്ടുണ്ടോ; | എ) | വിവരം ശേഖരിച്ചുവരുന്നു. |
| ബി) | പരമ്പരാഗത ഭക്ഷണം ഉപേക്ഷിച്ചതിനാലാണ് ആദിവാസികൾക്കിടയിൽ പോഷകാഹാരക്കുറവ് കാണപ്പെടുന്നത് എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; ആദിവാസികൾക്ക് കായ് കനികളും കിഴങ്ങു വർഗ്ഗങ്ങളും കൃഷി ചെയ്ത് ജീവിക്കുവാനുള്ള എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | പരമ്പരാഗത ഭക്ഷണം ഉപേക്ഷിച്ചതിനാലാണ് പട്ടികവർഗ്ഗക്കാർക്കിടയിൽ പോഷകാഹാരക്കുറവ് ഉണ്ടാകുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പട്ടികവർഗ്ഗക്കാരുടെ തനതു കൃഷി രീതി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പട്ടികവർഗ്ഗ വികസന വകുപ്പ് കൃഷി വകുപ്പുമായി ചേർന്ന് മില്ലറ്റ് വില്ലേജ് എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.<br><br>അട്ടപ്പാടിയിലെ അഗളി, ഷോളയൂർ, പുതൂർ എന്നീ 3 പഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പാരമ്പര്യ ചെറുധാന്യങ്ങളുടെ കൃഷി വികസനം, പയർ വർഗ്ഗ കൃഷി വികസനം, എണ്ണക്കുരുക്കളുടെ കൃഷി വികസനം, പച്ചക്കറി കൃഷി വികസനം, തേനീച്ചക്കൃഷി, ധാന്യ സംഭരണം, വിപണനം, സംസ്കരണ യൂണിറ്റ്, റിവോൾവിംഗ് ഫണ്ട്, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉത്പാദനവും, വിപണനവും, നിർവ്വഹണ ചെലവ് എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. മൂന്നു വർഷങ്ങളിലായാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ടി പദ്ധതിയുടെ ആകെ ചെലവ് 687 ലക്ഷം രൂപയാണ്. |

| | | | |
|---|---|---|---|
| സി) | സർക്കാർ നടപ്പിലാക്കിയ സമൂഹ അടുക്കള പദ്ധതി പരാജയപ്പെട്ടതായി വിലയിരുത്തു ന്നുണ്ടോ; എങ്കിൽ എന്ത് കൊണ്ടാണെന്ന് അറിയിക്കുമോ; | സി) | സമൂഹ അടുക്കള പദ്ധതി പരാജയപ്പെട്ടതായി വിലയിരുത്തിയിട്ടില്ല. |
| ഡി) | ചാമ, ചോളം, കവരക്, തിന, പയറു വർഗ്ഗങ്ങൾ എന്നിവ റേഷൻ കടകൾ വഴി വിതരണം ചെയ്യുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് കഴിയാതെ വന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടു ത്തുമോ? | ഡി) | വിവരം ശേഖരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**